പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 7225

11/07/2014 -ൽ മറുപടിക്ക്

**നാഷണൽ ലാന്റ് റെക്കോർഡ്സ് മോഡേണൈസേഷൻ പ്രോജക്ട്**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി.റ്റി. ബൽറാം<br>,, അൻവർ സാദത്ത്<br>,, വി.പി. സജീന്ദ്രൻ.<br>,, സി.പി.മുഹമ്മദ്. | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) നാഷണൽ ലാന്റ് റെക്കോർഡ്സ് മോഡേണൈസേഷൻ പ്രോജക്ട് സബ് രജിസ്ട്രാർ ഓഫീസുകളിൽ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ യെന്ന് അറിയിക്കുമോ ; | എ) രജിസ്റ്റർ വാല്യങ്ങളുടെ സ്കാനിംഗ്, ആധാര വിവരങ്ങളുടെ ഡേറ്റാ എൻട്രി എന്നീ ജോലികൾ നാഷണൽ ലാന്റ് റെക്കോർഡ്സ് മോഡണൈസേഷൻ പ്രോഗ്രാം പ്രകാരം സബ് രജിസ്ട്രാർ ഓഫീസുകളിൽ നടപ്പിലാക്കി വരുന്നു. |
| ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ; | ബി) നിലവിൽ ആധാരപ്പകർപ്പുകൾക്കായുള്ള അപേക്ഷകൾ സബ് രജിസ്ട്രാർ ഓഫീസിൽ ലഭിക്കുന്ന മുറയ്ക്ക് ബന്ധപ്പെട്ട രജിസ്റ്റർ തെരഞ്ഞുനോക്കി ആധാരം കണ്ടുപിടിച്ച് ഡിജിറ്റൽ ക്യാമറയുടെയും കമ്പ്യൂട്ടറിന്റെയും സഹായത്താൽ പകർപ്പ് തയ്യാറാക്കുന്ന രീതിയാണ് അവലംബിച്ചിരിക്കുന്നത്. ഇതിനായി ബന്ധപ്പെട്ട ആധാരം അടങ്ങുന്ന രജിസ്റ്റർ തെരഞ്ഞുനോക്കുന്നതിനുള്ള കാലതാമസവും അപേക്ഷകളുടെ എണ്ണവും സമയപരിധിക്കുള്ളിൽ സേവനം നല്കുന്നതിന് തടസ്സമാകുന്നു.<br>ഈ കാലതാമസം പരിഹരിക്കുന്നതിനായി സബ് രജിസ്ട്രാർ ഓഫീസുകളിൽ സൂക്ഷിച്ചു വരുന്ന പഴയ ആധാര വാല്യങ്ങൾ സ്കാൻ ചെയ്തു ഡിജിറ്റൽ രൂപത്തിലാക്കി നിലവിലെ രജിസ്ട്രേഷൻ ഡേറ്റായുടെ ഭാഗമാക്കിക്കൊണ്ട് ആധാരപകർപ്പുകൾ ഉടനടി നല്കാവുന്ന തരത്തിലുള്ള സേവനമാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്. |

ബാദ്ധ്യതാ സർട്ടിഫിക്കറ്റുകൾ മാന്വലായി തയ്യാറാക്കി നൽകുമ്പോൾ 14 ദിവസം വരെ കാലതാമസം നേരിട്ടിരുന്നു. ആധാര വിവരങ്ങൾ ഡേറ്റാ എൻട്രി ചെയ്യുന്നതുമൂലം കക്ഷി അപേക്ഷിക്കുന്നതിന്റെ പിറ്റേന്നു തന്നെ ബാദ്ധ്യതാ സർട്ടിഫിക്കറ്റ് നൽകുവാൻ കഴിയുന്നതാണ്. കൂടാതെ ഇ-പേയ്മെന്റ് സംവിധാനം ഏർപ്പെടുത്തുന്നതോടെ ഓൺലൈനായി തന്നെ ബാദ്ധ്യതാ സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള സൗകര്യവും ലഭിക്കുന്നതാണ്.

സി) എന്തെല്ലാം കേന്ദ്രസഹായങ്ങളാണ് ഇതിനായി ലഭിക്കുന്നതെന്ന് വിശദമാക്കുമോ ;

സി) കേന്ദ്രാവിഷ്കൃത പദ്ധതിയായ നാഷണൽ ലാന്റ് റെക്കാർഡ്സ് മോഡണൈസേഷൻ പ്രോഗ്രാം പ്രകാരം 25% കേന്ദ്രസഹായമാണ് പദ്ധതി നടപ്പിലാക്കുന്നതിനായി ലഭിക്കുന്നത്.

ഡി) പദ്ധതി നടപ്പിലാക്കുന്നതിൽ എത്ര മാത്രം പുരോഗതി കൈവരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഡി) 2010 മുതൽ 2014 വരെയുള്ള കാലയളവിൽ 690.99ലക്ഷം രൂപ കേന്ദ്രവിഹിതമായി ലഭിച്ചതിൽ 573.89 ലക്ഷം രൂപ വിനിയോഗിക്കുകയുണ്ടായി. രജിസ്റ്റർ വാല്യങ്ങളുടെ സ്കാനിംഗ്, ഡേറ്റാ എൻട്രി എന്നിവയാണ് മേൽ പദ്ധതി പ്രകാരം നടപ്പിലാക്കിവരുന്നത്. മൂന്നു ജില്ലകളിൽ ഡേറ്റാ എൻട്രിയും, ഏഴ് സബ് രജിസ്ട്രാർ ഓഫീസുകളിൽ സ്കാനിംഗും പൂർത്തീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.